കളക്ടർ, ഗവൺമെന്റ് ലാന്റ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30-12-2015-ലെ ജി.ഒ. (എം.എസ്.) 703/2015/ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*) കൂടാതെ SRO No. 38/2016 (G.O. (P) No. 24/2016/RD dated 13-1-2016) ആയി നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം III ആയി ചേർക്കുന്നു.*) ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്-ന്റെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം IV ആയി ചേർക്കുന്നു.*

സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

150(1216) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിന്റെ പരിധിയിലുള്ള 54.59 ഹെക്ടർ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ അനധികൃതമായി കൈവശം വച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏതെല്ലാം വില്ലേജുകളിലാണെന്നും ഏതെല്ലാം വ്യക്തികളുടെ കയ്യിലാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതു സംബന്ധിച്ച് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി താലൂക്കിന്റെ പരിധിയിൽ 0.54.59 ഹെക്ടർ ഭൂമി അനധികൃതമായി കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കയ്യേറ്റം തിട്ടപ്പെടുത്തി ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഭൂമി പ്രധാനമായും ഇടക്കൊച്ചി, പള്ളുരുത്തി, രാമേശ്വരം, തോപ്പുംപടി, കമ്പളങ്ങി, നായരമ്പലം, പുതുവൈപ്പ് വില്ലേജുകളിൽപ്പെടുന്നു. നിലവിൽ പ്രസ്തുത ഭൂമികൾ കയ്യിലുള്ള വ്യക്തികളുടെ വിവരങ്ങൾ അതാത് വില്ലേജുകളിൽനിന്ന് ശേഖരിച്ചുവരുന്നു.

(സി) കേരള ഭൂസംരക്ഷണ നിയമപ്രകാരം എൽ.സി. കേസ് ബുക്ക് ചെയ്ത് കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly